
# ആംസ്റ്റർഡാമിലെ സൈക്കിളുകൾ

**1983 – ൽ പ്രീഡിഗ്രിക്ക് ചേർന്നപ്പോൾ, കോളേജിൽ പോകാനായി വാങ്ങിയ സൈക്കിൾ ഹൃദയത്തോട് ചേർത്ത് സൂക്ഷിക്കുകയും ഇപ്പോഴും എല്ലാ ദിവസവും ഉപയോഗിക്കുകയും ചെയ്യുന്ന മാധ്യമപ്രവർത്തകൻ രാജു റാഫേൽ ആംസ്റ്റർഡാം സൈക്കിൾ യാത്രയിൽ കണ്ട കാഴ്കൾ പങ്കുവയ്ക്കുന്നു**



ഓ! ഈ നശിച്ച സൈക്കിളുകൾ - ഡാംബർ ആരോടെന്നില്ലാതെ പിറുപിറുത്തു. അതു കേട്ടുള്ള എന്റെ പരിഹാസ ചിരികൂടി കണ്ടപ്പോൾ അവന് അരിശമായി.

സിറ്റി ഓഫ് സ്റ്റോറി ടെല്ലേഴ്സ് –കലാകാരന്മാരുടെയും എഴുത്തുകാരുടെയും നഗരം എന്നറിയപ്പെടുന്ന ആംസ്റ്റർഡാമിന്റെ ഹൃദയഭാഗത്ത് കഴിഞ്ഞ ഒരു മണിക്കൂറായി കറങ്ങി നടക്കുകയാണ് ഞങ്ങൾ മൂന്ന് പേർ. ഭൂട്ടാനിൽ നിന്നുള്ള ഡാംബർ, ബംഗ്ലാദേശിൽ നിന്നുള്ള കിബ്രി, പിന്നെ ഞാനും. ഭൂട്ടാൻ റേഡിയോ നിലയത്തിലെ സീനിയർ പ്രൊഡ്യൂസറാണ് ഡാംബർ. ക്രിബി ധാക്കയിലെ ഒരു പത്രത്തിലെ അസിസ്റ്റന്റ് എഡിറ്ററും. വിഖ്യാത ചിത്രകാരൻ വിൻസെന്റ് വാൻഗോഗിന്റെ ചിത്രങ്ങൾ സൂക്ഷിച്ചിട്ടുള്ള വാൻഗോഗ് മ്യൂസിയത്തിലേക്കാണ് ഞങ്ങൾക്ക് പോകേണ്ടത്. എന്നെ അവിടെ എത്തിക്കാമെന്ന് ഏറ്റിരിക്കുകയാണ് ഡാംബറും ക്രിബിയും. ഞാൻ ആദ്യമായിട്ടാണ് ആംസ്റ്റർഡാമിൽ വരുന്നത്. ഡാംബർ പത്രപ്രവർത്തനം പഠിച്ചത് ഹോളണ്ടിൽ തന്നെയാണ്. അതുകൊണ് ഹോളണ്ട് എന്നറിയപ്പെടുന്ന നെതർലാന്റിന്റെ തലസ്ഥാനമായ ആംസ്റ്റർഡാമും അത്യാവശ്യം ഡച്ചുഭാഷയും പരിചയമുണ്ട്. ക്രിബിയാകട്ടെ മുൻപ് എപ്പോഴൊക്കെയോ ആംസ്റ്റർഡാമിൽ വന്നിട്ടുണ്ട്. പക്ഷെ ഡച്ച് അശേഷം അറിയില്ല.

വിശാലമായ ആംസ്റ്റർഡാം നഗരത്തിൽ എവിടെയാണ് വാൻഗോഗ് മ്യൂസിയം എന്ന് ഡാംബറിന് കൃത്യമായി അറിയില്ല. പക്ഷെ, ഒന്നറിയാം. ട്രാം നമ്പർ അഞ്ചിൽ കയറിയാൽ അത് വാൻഗോഗ് മ്യൂസിയത്തിന് മുന്നിലെത്തി നിൽക്കും. പക്ഷെ ട്രാം നമ്പർ 5–ൽ എവിടെ നിന്ന് കയറും? അത് അവന് അറിയില്ല. നമുക്ക് ആദ്യം വെറുതെ നടക്കാം. കൂട്ടത്തിൽ ട്രാം–5 നിറുത്തുന്ന സ്റ്റോപ്പ് കണ്ടാൽ കയറാം. എന്തായാലും ഇന്നു മുഴുവൻ സമയം ഉണ്ടല്ലോ. ഇപ്പോൾ രാവിലെ 9 മണിപോലും ആയിട്ടില്ല. ഇവിടെയാണെങ്കിൽ രാ



**സൈക്കിളുകൾ ഒഴിവാക്കണമെങ്കിൽ വൈഡ് വെയ്ക്കാതെ കുറച്ച് ക്ലോസ് ഫ്രെയിം വച്ച് ഫോട്ടോ എടുത്തൂടെ? സൈക്കിളുകളെ ശപിക്കുന്നത് എന്തിനാണ്? എന്റെ ശബ്ദം പൊന്തിപ്പോയി. ഉറക്കെയുള്ള എന്റെ ചോദ്യം കേട്ട് തിരക്കിട്ട് ഞങ്ങളെ കടന്ന് പോയ ഒരു സായിപ്പും മദാമ്മയും തിരിഞ്ഞ് നോക്കി. ക്യാമറയുടെ വ്യൂ ഫൈന്ററിൽ നിന്ന് കണ്ണെടുത്ത് ഡാംബർ എന്നെ തുറിച്ചു നോക്കി. ഡെച്ച് അറിയാത്ത നിനക്ക് ഇത്ര അഹങ്കാരമോ എന്ന മട്ടിൽ, ഒരു തരം അവിശ്വസനീയതയോടെ!**

ത്രി 10 മണിയായിട്ടേ സൂര്യൻ അസ്തമിക്കൂ - ഡാംബർ ആദ്യമേ നിലപാട് വ്യക്തമാക്കിയിരുന്നു.

ഞാൻ ഹോളണ്ടിൽ എത്തിയിട്ട് നാല് ദിവസമേ ആയിട്ടുള്ളൂ. പക്ഷെ ഇവിടെ സൂര്യൻ വളരെ വൈകി അസ്തമിക്കുകയും വളരെ നേരത്തെ ഉദിക്കുകയും ചെയ്യുമെന്ന് ആദ്യദിവസം തന്നെ അനുഭവിച്ച് അറിഞ്ഞിരുന്നു. ഹോളണ്ടിലും നോർവ്വെയിലുമൊക്കെ വേനൽക്കാലത്ത് അങ്ങിനെയാണ്. മഞ്ഞുകാലം ആകുമ്പോൾ നേരെതിരിച്ചാകും. വൈകീട്ട് നാലു മണിയാകുമ്പോഴേക്കും ആകാശത്ത് നിന്ന് സൂര്യനെ കാണാതാകും. ഉദിക്കുന്നതും വളരെ വൈകി. മഞ്ഞ് കാലങ്ങളിൽ പകലിന്റെ നീളം വളരെ കുറവ്, വേനൽകാലങ്ങളിൽ വളരെ കൂടുതലും.

ഡച്ച് ഭാഷ അറിയാത്തതുകൊണ്ട് ഡാംബർ എന്ത് പറഞ്ഞാലും അനുസരിക്കുകയേ നിവൃത്തിയുള്ളു. അങ്ങിനെ ഞങ്ങൾ ആംസ്റ്റർ ഡാമിലെ വർണ്ണക്കാഴ്ചകൾ കണ്ട് നടക്കുകയാണ്. യാചകരില്ലാത്ത, വൃത്തിയുള്ള നഗരം. രാവിലെ 9 മണിയേ ആയിട്ടുള്ളൂ എന്നതിനാൽ ടൂറിസ്റ്റുകൾ എത്തി തുടങ്ങിയിട്ടില്ല. അതുകൊണ്ട് തന്നെ നിരത്തുകളിൽ വലിയ തിരക്കില്ല.

ഇതിന് ഇടയിൽ ആണ് ആ ആശയം കിബ്രിക്ക് ഉദിച്ചത്. ആംസ്റ്റർ ഡാം നഗരം പശ്ചാത്തലമാക്കി കുറച്ച് ഫോട്ടോകൾ വേണം. ഒരു ട്രാവൽ മാഗസിനിൽ ലേഖനം എഴുതാനാണ്. പറ്റിയാൽ ഒരു പുസ്തകവും എഴുതണം. ഈ നടപ്പിനിടയിൽ അത് കൂടി നടത്താം. എന്തായാലും ഇഷ്ടം പോലെ സമയം ഉണ്ടല്ലോ ! - നല്ല കാര്യം- ഞാനും ഡാംബറും അത് സമ്മതിച്ചു.

ഫോട്ടോ ഞാൻ എടുക്കാം- ശാസ്ത്രീയമായി ഫോട്ടോഗ്രാഫി പഠിച്ചയാളാണ് ഞാൻ. അതും ഹോളണ്ടിൽ നിന്ന് തന്നെ - ഡാംബർ പ്രഖ്യാപിച്ചു. അത് കേട്ട ഉടനെ കിബ്രി ക്യാമറ കൈമാറി, ഫോട്ടോയ്ക്ക് പോസ് ചെയ്ത് തുടങ്ങി. കാഴ്ചക്കാരനായി ഞാൻ ഡാംബറിന്റെ പുറകിലേക്ക് മാറി. മൂന്ന്, നാല് ഫോട്ടോ എടുത്തപ്പോഴാണ് ഡാംബറിന് മനസ്സിലായത്. എല്ലാ ഫ്രമിലും പശ്ചാത്തലത്തിൽ സൈക്കിളുകൾ ഉണ്ട്. കൂറ്റൻ കയറ്റങ്ങളും ഇറക്കങ്ങളും നിറഞ്ഞ, ഹിമാലയത്തിന്റെ മടിത്തട്ടിൽ ഉള്ള ഒരു ഗ്രാമത്തിലാണ് അവൻ ജനിച്ചതും വളർന്നതും. ആ ഗ്രാമത്തിൽ സൈക്കിളുകൾ ഇല്ല. കാരണം ഭൂപ്രകൃതി സൈക്കിൾ യാത്രയ്ക്ക് യോജിച്ചതല്ല. ചെറുപ്പത്തിൽ കണ്ട് പരിചയമില്ലാത്തതുകൊണ്ടാകാം ഡാംബറിന് സൈക്കിളുകൾ ഇഷ്ടമല്ല. സൈക്കിൾ ചവിട്ടാനും അറിയില്ല. ഇഷ്ടമില്ലാത്ത സൈക്കിളുകൾ ഫ്രെയിമിൽ നിന്ന് മാറ്റി കിബ്രിയെ ആംസ്റ്റർഡാമിന്റെ സൗന്ദര്യത്തിന്റെ പശ്ചാത്തലത്തിൽ നിന്ന് പകർത്താനാണ് ഡാംബറിന്റെ ശ്രമം. ശാസ്ത്രീയമായി ഫോട്ടോഗ്രാഫി പഠിച്ചിട്ടുള്ളതുകൊണ്ട് അങ്ങിനെ ഇങ്ങനെയൊന്നും ഫ്രെയിം വെക്കാനും പറ്റില്ല. ലൈറ്റ്, കോംപോസിഷൻ, ഫീൽഡ് ഓഫ് ഡെപ്ത്ത് തുടങ്ങിയ നൂറ് കൂട്ടം കാര്യങ്ങൾ ശരിയാകണം.

സൈക്കിളുകൾ ഒഴിവാക്കി പടമെടുക്കാനായി പിന്നെ ശ്രമം. ആംസ്റ്റർഡാം സെന്ററിന്റെ (നഗര ഹൃദയം) വിവിധ മുഖങ്ങൾ പശ്ചാത്തലമാക്കി കിബ്രിയുടെ പടം എടുക്കണം. ആ ഫ്രെയിമിൽ ഒന്നും സൈക്കിളുകൾ പാടില്ല. ഡാംബറിന്റെ മനസ്സ് എനിക്ക് വായിക്കാം. പക്ഷെ അത് അത്ര എളുപ്പമല്ല. വലിയൊരു സൈക്കിൾ യാർഡ് പോലെയാണ് ആംസ്റ്റർഡാം . എവിടെ നോക്കിയാലും നൂറ് കണക്കിന് സൈക്കിളുകൾ. ഒന്ന് ഒന്നിനോട് ചേർത്ത് നിരത്തിവെച്ചിരിക്കുന്നു. വിശാലമായ നഗരത്തിൽ സൈക്കിളുകൾ പാർക്ക് ചെയ്യാനായി മാത്രം മാറ്റിവെച്ചിരിക്കുന്ന ധാരാളം സ്ഥലങ്ങൾ. അവിടെയൊക്കെ നിറഞ്ഞുകഴിഞ്ഞ് റോഡരികിലെല്ലാം സൈക്കിളുകൾ. ആംസ്റ്റർഡാമിൽ ജനങ്ങളെക്കാൾ കൂടുതൽ സൈക്കിളുകളാണോ എന്ന് തോന്നിപ്പിക്കുന്ന വിധം!

ഇപ്പോൾ സമയം 10 മണി കഴിഞ്ഞിരിക്കുന്നു. കിബ്രി ഫോട്ടോക്ക് പോസ് ചെയ്ത് തുടങ്ങിയിട്ട് അര മണിക്കൂർ കഴിയുന്നു. സൈക്കിളുകൾ ഒഴിവാക്കിയുള്ള ഒരൊറ്റ ഫോട്ടോ പോലും എടുക്കാൻ ഡാംബറിന് ഇതുവരെ കഴിഞ്ഞിട്ടില്ല. അതിന്റെ അരിശത്തിലാണ് സൈക്കിളുകളെ പ്രാകിയത്. എവിടെ തിരിഞ്ഞാലും സൈക്കിളുകൾതന്നെ ഇത്രയധികം സൈക്കിളുകൾ ഇവറ്റകൾക്ക് എന്തിനാ ? ഡാംബർ അരിശപ്രകടനം തുടർന്നു.

എനിക്കെന്തോ വല്ലായ്മ തോന്നി. സൈക്കിളുകളെ ഇഷ്ടപ്പെടുകയും ഗൂഢമായി പ്രണയിക്കുകയും ചെയ്യുന്ന ഒരാളാണ് ഞാൻ. 1983-ൽ പ്രീഡിഗ്രിക്ക് ചേർന്നപ്പോൾ, കോളേജിൽ പോകാനായി, വാങ്ങിച്ച സൈക്കിൾ എനിക്ക് ഇപ്പോഴും ഉണ്ട്. ഇന്ത്യയിലെ നശിച്ച വാഹന വിപ്ലവത്തിന് ഇടയിൽ സൈക്കിൾ ഹൃദയത്തോട് ചേർത്ത് സൂക്ഷിക്കുകയും ഇപ്പോഴും എല്ലാ ദിവസവും അത് ഉപയോഗിക്കുകയും ചെയ്യുന്ന ഒരാളാണ് ഞാൻ. ഒരുപാട് നാളായി ചേർത്ത് വെച്ച 200 രൂപയുമായി നാട്ടിലെ ചങ്ങാതിയായ കുട്ടന്റെ കൂടെ സെക്കന്റ് ഹാൻഡ് സൈക്കിൾ വാങ്ങാനായി 27 വർഷം മുൻപ്, എരവിമംഗലത്തെ ഒരു നമ്പൂതിരിയുടെ ഇല്ലത്തേയ്ക്ക് പോയത് ഇപ്പോഴും ഏറ്റവും തെളിച്ചമുള്ള ദൃശ്യമാണ് മനസ്സിൽ. കുട്ടന്റെ സൈക്കിളിൽ ഡബിൾ വെച്ചാണ് നമ്പൂതിരിയുടെ ഇല്ലത്തേയ്ക്ക് പോയത്. തിരിച്ച് സ്വന്തം സൈക്കിളിൽ. സൈക്കിൾ ചവിട്ടാൻ പഠിച്ച നാലാം ക്ലാസ്സ് മുതൽ മനസ്സിൽ കൊണ്ടു നടന്ന ആഗ്രഹം സാധിച്ചിരിക്കുന്നു.

പിന്നീട് എത്രയോ യാത്രകൾ ! മാധ്യമപഠനത്തിന്റെയും പത്രപ്രവർത്തനത്തിന്റെയും ഭാഗമായി. വിദേശത്തും സ്വദേശത്തും . അതിനൊന്നും സ്വന്തം സൈക്കിളിലെ ആദ്യയാത്രയുടെ മധുരമില്ല. പല സമയത്തായി ബൈക്കും കാറുമായി ഏഴ് മോട്ടോർ വാഹനങ്ങൾ വാങ്ങി. ഉപയോഗിച്ച് മടുത്തപ്പോൾ വിറ്റു കയ്യൊഴിഞ്ഞു. പക്ഷെ എന്റെ സൈക്കിൾ, അത് എന്നോടൊപ്പം ഇപ്പോഴും ഉണ്ട്. ഇവിടെ ആംസ്റ്റർ ഡാമിൽ അല്ല. തൃശൂരിലെ എന്റെ വീട്ടിൽ.

സൈക്കിളുകൾ ഒഴിവാക്കണമെങ്കിൽ വൈഡ് വെയ്ക്കാതെ കുറച്ച് ക്ലോസ് ഫ്രെയിം വച്ച് ഫോട്ടോ എടുത്തൂടെ? സൈക്കിളുകളെ ശപിക്കുന്നത് എന്തിനാണ്? എന്റെ ശബ്ദം പൊന്തിപ്പോയി. ഉറക്കെയുള്ള എന്റെ ചോദ്യം കേട്ട് തിരക്കിട്ട് ഞങ്ങളെ കടന്ന് പോയ ഒരു സായിപ്പും മദാമ്മയും തിരിഞ്ഞ് നോക്കി. ക്യാമറയുടെ വ്യൂ ഫൈന്ററിൽ നിന്ന് കണ്ണെടുത്ത് ഡാംബർ എന്നെ തുറിച്ചു നോക്കി. ഡെച്ച് അറിയാത്ത നിനക്ക് ഇത്ര അഹങ്കാരമോ എന്ന മട്ടിൽ, ഒരു തരം അവിശ്വസനീയതയോടെ! ഏതാനും സെക്കന്റുകളുടെ നിസബ്ദതക്ക് ശേഷം കിബ്രി പറഞ്ഞു. അതു വേണ്ട- ക്ലോസ് ഫ്രെയിം ആകുമ്പോൾ സ്ഥലം എവിടെയാണെന്ന് തിരിച്ചറിയാൻ പറ്റില്ല. ഇപ്പോൾ നമുക്ക് നടക്കാം. ഫോട്ടോകൾ പിന്നീട് എടുക്കാം. മാത്രവുമല്ല സമയം 11 ആയി. വാൻഗോഗ് മ്യൂസിയം ഇപ്പോൾ തുറന്നിട്ടുണ്ടാകും. അവിടേക്ക് ട്രാം കിട്ടുമോ എന്ന് നോക്കാം.

ഏറെ പണിപ്പെട്ട് 12 മണിയോടെ ഞങ്ങൾ വാൻഗോഗ് മ്യൂസിയത്തിൽ എത്തി. രണ്ട് മണിയായപ്പോഴേക്കും അവിടെ നിന്ന് ഇറങ്ങാൻ അവർ തിരക്ക് കൂട്ടുകയും ചെയ്തു. അടുത്ത പരിപാടി ആംസ്റ്റർഡാമിലെ റെഡ് ഡിസ്ട്രിക്ട് സന്ദർശിക്കുകയാണ്. ബോംബെയിലെ റെഡ് സ്ട്രീറ്റ് ഒരു തെരുവ് മാത്രമാണെങ്കിൽ ഇത് വലിയ ഒരു പ്രവിശ്യയാണ്. വേശ്യകൾക്കും ഇടപാടുകാർക്കുമായി സർക്കാർ അനുവദിച്ചിരിക്കുന്ന പ്രത്യേക ജില്ല. ആംസ്റ്റർഡാമിന് ഉള്ളിൽ തന്നെ. സിറ്റി ഓഫ് സിൻ- പാപങ്ങളുടെ നഗരം എന്ന ഓമനപ്പേര് ആംസ്റ്റർഡാമിന് സമ്മാനിച്ചത് ഈ റെഡ് ഡിസ്ട്രിക്ട് ആണ്. വ്യഭിചാരം ഒരു പാപമോ കുറ്റമോ അല്ല ഇവിടെ. വാൻഗോഗ് മ്യൂസിയം എവിടെയാണെന്ന് അറിയില്ലെങ്കിലും ഡാംബറിന് റെഡ് ഡിസ്ട്രിക്ട് നല്ല പരിചയമാണെന്ന് അവന്റെ സംസാരത്തിൽ നിന്ന് ഞാൻ മനസ്സിലാക്കിയിരുന്നു.

ഇവിടെ നിന്ന് ആംസ്റ്റർഡാം സെന്ററിലേക്ക് ഞാൻ നടക്കുകയാണ്. വാൻഗോഗ് മ്യൂസിയത്തിൽ നിന്ന് പുറത്തേയ്ക്ക് ഇറങ്ങിയപ്പോൾ ഞാൻ പറഞ്ഞു. അപ്പോൾ നിനക്ക് റെഡ് ഡിസ്ട്രിക്ട് കാണണ്ടേ? ഡാംബറും കിബ്രിയും ഒരുമിച്ച് ചോദിച്ചു. അത് പിന്നെയാണെങ്കിലും കാണാമല്ലോ എന്തായാലും മൂന്ന് നാലുമാസം ഹോളണ്ടിൽ താമസിക്കണം. ഞാൻ ആദ്യം ഈ നഗരം ഒന്ന് നടന്ന് കാണട്ടെ. എസ്. കെ. പൊറ്റക്കാടിനെ മനസ്സിൽ ഓർത്ത് ഞാൻ പറഞ്ഞു. രാത്രി ബുസ്സുമിൽ കാണാം. ആംസ്റ്റർഡാം നഗരത്തിൽ നിന്ന് 40 കിലോ മീറ്റർ ദൂരെയുള്ള ബുസ്സും എന്ന മനോഹരമായ ഒരു ഗ്രാമത്തിലാണ് ഞങ്ങൾ താമസിക്കുന്നത്. രാത്രി വല്ലാതെ വൈകേണ്ട. നല്ല തണുപ്പുണ്ടാകും. യൂട്രെക് സിറ്റിയിലേക്ക് പോകുന്ന എല്ലാ ട്രെയിനുകളും ബുസ്സുമിൽ നിറുത്തും. താമസ സ്ഥലത്ത് തിരിച്ച് എത്താനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തന്ന് അവർ യാത്രയായി, റെഡ് ഡിസ്ട്രിക്ടിലെ സൗന്ദര്യറാണിമാരുടെ അടുത്തേയ്ക്ക്.

ഞാൻ എന്റെ ഡിജിറ്റൽ ക്യാമറയുടെ കണ്ണ് വാൻഗോഗ് മ്യൂസിയത്തിന് നേരെ തിരിച്ചു പിടിച്ചു.

(തുടരും)

***ബ്യൂറോചീഫ്,***
***ഏഷ്യാനെറ്റ്ന്യൂസ്, തൃശൂർ-20***

**പഞ്ചായത്ത് തെരഞ്ഞെടുപ്പിന് ശേഷം ?**

ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പ് വിലയിരുത്താൻ, ജനകീയ സമരങ്ങളുടെ വിജയിച്ചതും പരാജയപ്പെട്ടതുമായ പ്രതിനിധികളിലൂടെ... അടുത്ത ലക്കങ്ങളിൽ

books
magazines
periodicals

ByWORD BOOKS

marva plaza, machingal lane,m.g. road, thrissur
Tel. : 0487 3256689,Mob : 9847764577